(ബി) മറ്റ് വകുപ്പുകളിൽ ആവശ്യത്തിന് സ്ഥാനങ്ങൾ ഇല്ലാത്തത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഇക്കാരണത്താൽ ആസ്തി വികസന പദ്ധതി പ്രവൃത്തികൾ വൈകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇ-ഓഫീസ് നടപ്പാക്കിയതിനുശേഷം ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസം കുറഞ്ഞിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

കരാറുകാർക്കുള്ള കുടിശ്ശിക

163 (3317) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാറുകാർക്ക് പണം നൽകാത്തതിനാൽ വികസന പ്രവർത്തനങ്ങൾ ശ്രുഷ്ഠാന്തിയിൽ നടക്കാതെ തടസ്സപ്പെടുന്ന വിവരം ശ്രദ്ധയിൽ ഉണ്ടോ;

(ബി) മരാമത്ത് കരാറുകാർക്ക് എത്ര കോടി രൂപയുടെ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കുടിശ്ശിക വർദ്ധിച്ചതിനാൽ തടസ്സപ്പെട്ട വർക്കുകളുടെ വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഭരണ വകുപ്പിൽ നിന്നുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 1-4-2014 മുതൽ 23-2-2015 വരെ 1268.51 കോടി രൂപയുടെയും ഇതേ കാലയളവിൽ പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 394.57 കോടി രൂപയുടെയും ജലവിഭവവകുപ്പിൽ 1-4-2014 മുതൽ 30-8-2014 വരെ എല്ലാ വിഭാഗങ്ങളിൽ നിന്നും പൂർണ്ണമായി ലഭ്യമായ നിർദ്ദേശങ്ങൾ അനുസരിച്ച് 132.58 കോടി രൂപയുടെയും ഉൾപ്പെടെ ആകെ 1795.66 കോടി രൂപയുടെ കുടിശ്ശികയുണ്ട്.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly